LIBRARY ARCHIVES Kerala Legislative Assembly

സീനിയർ ക്ഷീരവികസന ഓഫീസർ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ

351(1336) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പിൽ സീനിയർ ക്ഷീരവികസന ഓഫീസർ എന്ന തസ്തിക ഉണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തിക അനുവദിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

ഉണ്ട്. 2011-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമാണ് സീനിയർ ക്ഷീരവികസന ഓഫീസർ തസ്തിക അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

നിലവിൽ ക്ഷീരവികസന ഓഫീസർ തസ്തികകളുടെ ആകെ എണ്ണം 196 ആണ്. 201-ലെയും 202-ലെയും ശമ്പള പരിഷ്കരണം പ്രകാരം 2:1 എന്ന അനുപാതത്തിലാണ് ക്ഷീരവികസന ഓഫീസർമാരിൽനിന്നും സീനിയർ ക്ഷീരവികസന ഓഫീസർമാരെ നിയമിക്കുന്നത്. ഈ അനുപാതം കണക്കിലെടുക്കുമ്പോൾ സീനിയർ ക്ഷീരവികസന ഓഫീസർമാരുടെ എണ്ണം 65 ആണെങ്കിലും സീനിയർ ക്ഷീരവികസന ഓഫീസർമാരുടെ സമാന തസ്തികയായ (ശമ്പള സ്കെയിൽ തുല്യമായ) വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ എണ്ണം കുറച്ച ശേഷമാണ് ഈ അനുപാതത്തിൽ സീനിയർ ക്ഷീരവികസന ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്. നിലവിൽ അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം 37 ആണ്. ആയതിനാൽ 65-ൽനിന്നും 37 അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം കുറച്ച് ബാക്കിയുള്ള 28 തസ്തികകളിലേയ്ക്കാണ് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ക്ഷീരവികസന ഓഫീസർമാരെ സീനിയർ ക്ഷീര വികസന ഓഫീസർ ആയി നിയമനം നടത്തുന്നത്.

ഗുരുവായൂർ മണ്ഡലത്തിലെ തീറ്റപ്പുൽ കൃഷി

352(1337) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ എത്ര ഹെക്ടറിൽ തീറ്റപ്പുൽ കൃഷി നടത്തുന്നുവെന്ന് വ്യക്തമാക്കാമോ?

26.44 ഹെക്ടർ.